പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2465

08.12.2015 ൽ
മറുപടിയ്ക്ക്

## പഞ്ചായത്തുതല കേരളോത്സവ പരിപാടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി. പി.അയിഷാ പോറ്റി** | **ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| എ) ഈ വർഷം പഞ്ചായത്തുതല കേരളോത്സവ പരിപാടി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | എ) ഈ വർഷത്തെ കേരളോത്സവം ഗ്രാമ പഞ്ചായത്ത് തലം മുതൽ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട് ആദ്യഘട്ടം എന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്തിക്കുകയും തുടർന്ന് കേരളോത്സവം 2015 ന്റെ മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത മാർഗ്ഗരേഖ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ www.ksywb.kerala.gov.in എന്ന ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്ന തരത്തിൽ പബ്ലിഷ് ചെയ്തിട്ടുമുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് 2015 സെപ്തംബർ മാസത്തിൽ കേരളോത്സവം നടത്തുവാൻ നിർദ്ദേശം നൽകുകയും 55 ഗ്രാമപഞ്ചായത്തുകൾ കേരളോത്സവം സംഘടിപ്പിക്കുകയും ചെയ്തു.<br><br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പ്രാഥമിക തലം മുതൽ കേരളോത്സവം സംഘടിപ്പിക്കുവാൻ എല്ലാവിധ നടപടികളും സ്വീകരിച്ചിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് ആസന്നമായ സമയമായിരുന്നതുകൊണ്ട് 55 ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റാരും കേരളോത്സവം സംഘടിപ്പിച്ചില്ല. പുതിയ ഭരണ സമിതികൾ തെരഞ്ഞെടുപ്പിനുശേഷം അധികാരത്തിൽ ഏറിയപ്പോഴേയ്ക്കും ഗ്രാമപഞ്ചായത്ത് തലത്തിൽ കേരളോത്സവം സംഘടിപ്പിക്കുന്നതിന്റെ സമയപരിധി കഴിഞ്ഞിരുന്നു. ഏതെങ്കിലും |

കാരണവശാൽ സമയബന്ധിതമായി ഡിസംബറിൽ സംസ്ഥാനത്തിൽ കേരളോത്സവം സംഘടിപ്പിച്ചിട്ടില്ലെങ്കിൽ 2016 ജനുവരി 12 -16 വരെ നടക്കുന്ന ദേശീയ യുവോത്സവത്തിൽ കേരളാ ടീമിന് പങ്കെടുക്കാൻ കഴിയാതെ വരും. ഇക്കാരണത്താൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് എക്സിക്യൂട്ടീവ് കമ്മിറ്റി ചേരുകയും നിലവിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് നേരിട്ട് ബ്ലോക്ക്തലം മുതൽ കേരളോത്സവം ആരംഭിക്കുവാൻ തീരുമാനിക്കുകയും, പ്രസ്തുത നിർദ്ദേശം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ബി) പഞ്ചായത്തുതല കേരളോത്സവം വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് അനന്തര തല കേരളോത്സവ പരിപാടികൾ സംഘടിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ബി) ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവം നവംബർ 10 മുതൽ 30 വരെ സംഘടിപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

ജില്ലാതല കേരളോത്സവം ഡിസംബർ 1 മുതൽ 14 വരെ സംഘടിപ്പിക്കണമെന്ന നിർദ്ദേശം എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും നൽകിയിട്ടുണ്ട്.

സംസ്ഥാനതല കേരളോത്സവം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2015 ഡിസംബർ അവസാന വാരം സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.